മാള ട്രാൻസ്പോർട്ട് ഡിപ്പോ

118 (809) ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള ട്രാൻസ്പോർട്ട് ഡിപ്പോയിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്ത് എത്ര ബസ് സർവ്വീസ് നടത്തിയിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർവ്വീസുകൾ പുതിയതായി ആരംഭിച്ചു ;

(സി) ഏതെല്ലാം റൂട്ടുകളിലാണ് പുതിയതായി സർവ്വീസ് തുടങ്ങിയത് എന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) മാള ബസ് സ്റ്റേഷനിൽ 1-6-1996-ലെ കണക്കനുസരിച്ച് 28 സർവ്വീസുകളാണ് അനുവദിച്ചിരുന്നത്.

(ബി) 7 എണ്ണം.

(സി) 1. മാള-ആലുവ (വഴി) പൂപ്പതി-കനകൻകടവ് -ചെങ്ങുമനാട്.
2. മാള- കൃഷ്ണൻകോട്ട - ആലുവ.
3. മാള - ആലുവ (വഴി) പുത്തൻവേലിക്കര.
4. മാള - ആലുവ (വഴി) പുത്തൻവേലിക്കര - കുണ്ടൂർ.
5. മാള - തുരുത്തിപ്പുറം - തിരുവനന്തപുരം.
6. ആലുവ - നെയ്തൻകുടി.
7. മാള - തൃശൂർ (വഴി) ചക്കാംപറമ്പ്.

പ്രൈവറ്റ് ബസുകളുടെ സമയകൃത്യത

119 (815) ശ്രീ. വർഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ സർവീസ് നടത്തുന്ന പ്രൈവറ്റ് ബസുകളിൽ ചിലത് സ്ഥിരമായി സമയം തെറ്റിച്ചാണ് ഓടുന്നത് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകുമോ ;

(ബി) വയനാട് ജില്ലയിൽ പെർമിറ്റുള്ള ടൈം ഷെഡ്യൂൾ പ്രദർശിപ്പിക്കാത്ത എല്ലാ പ്രൈവറ്റ് ബസുകൾക്കെതിരേയും കർശന നടപടി കൈക്കൊള്ളുമോ ;

(സി) കെ. എസ്. ആർ. ടി. സി. സർവ്വീസിനെ നഷ്ടത്തിലാക്കുന്ന വിധത്തിൽ പ്രൈവറ്റ് ബസുകൾ സമയം തെറ്റിച്ച് ഓടുന്നതിനെതിരെ കെ. എസ്. ആർ. ടി. സി. ജില്ലാ അധികാരി പോലീസിൽ പരാതി നൽകാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly